**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6841** **21-03-2023 - ൽ മറുപടിയ്ക്ക്**

**റവന്യൂ ഡിപ്പാർട്ട്മെന്റിലെ ഓൺലൈൻ സ്ഥലം മാറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ ഡിപ്പാർട്ട്മെന്റിലെ ജീവനക്കാർക്ക് മാർച്ച് മാസം ആയിട്ടും എച്ച്.ആർ.എം.എസ്. മുഖേന ഓൺലൈനായി സ്ഥലം മാറ്റത്തിന് അപേക്ഷിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണ്; | (എ) | എച്ച്.ആർ.എം.എസ് മോഡ്യൂളിൽ, ജീവനക്കാരുടെ വിവരങ്ങളിൽ, സ്ഥാനക്കയറ്റം സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായും നാളതീകരിയ്ക്കുന്നതിന് ഡി.ഡി.ഒ.മാർക്ക് സമയം അനുവദിച്ചിട്ടുണ്ട്. നാളതീകരണം പൂർത്തിയായാൽ ഈ മാസം തന്നെ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. |
| (ബി) | പ്രൊമോഷൻ മൂലം മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റിയ കംപാഷനേറ്റ് ഗ്രൗണ്ടിൽ (അനുകമ്പാർഹമായ കാരണങ്ങൾ) ഉള്ള എത്ര ജീവനക്കാർ നിലവിൽ ഉണ്ട്; അവരുടെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | (ബി) | പൊതുസ്ഥലംമാറ്റത്തിൽ അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലംമാറ്റം നൽകണമെന്ന അപേക്ഷകളിൽ നിന്നും പ്രൊമോഷൻ മൂലം മറ്റ് ജില്ലകളിലേക്ക് മാറിയവരുടെ അപേക്ഷകൾ മാത്രമായി കണ്ടെത്തുന്നത് പ്രായോഗികമല്ല. |
| (സി) | എച്ച്.ആർ.എം.എസ്. വൈകുന്നത് മൂലം അവരുടെ യാതനകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്ത് നടപടികളാണ് ഇത്തരം ജീവനക്കാരുടെ കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ളത്? | (സി) | അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിട്ടുള്ളവരിൽ, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, ഏറ്റവും ഗുരുതരമായ രോഗാവസ്ഥയിലുള്ളവർക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ